# *മുമ്പേ ഉയിർക്കുന്ന ജീവശാസ്ത്രം*

**[പ്രൊഫസ്സർ (ഡോ:) ജോയ് ടി. കുഞ്ഞാപ്പു, *D.Sc., Ph.D.*]**

പഞ്ചഭൂതം ചേർത്തു ചാലിച്ച
വൈദിക പഞ്ചാംഗക്കുരുക്കിലെ
വിഷ്കംഭ ദർശനത്തിനു മുമ്പേ
ആദ്യകാണ്ഡാണ്ഡം പറഞ്ഞു:
ജീവനാണു മുന്നേ, വചനക്കൂട്ട് പിന്നെ.

ശവപ്പറമ്പിലെ എരിക്കിലയിൽ
ജലവായുയറിയാതെ, ചലിക്കാതെ,
അടിവസ്ത്രമില്ലാതെ അള്ളിയ നീ
പരിണാമ *ലാർവ്വയോ*, *പ്യൂപ്പയോ?*
*ഫൌണ്ടൻ* പോലെ *ലീക്ക*ടിക്കുന്ന പേന
എന്നും നിറച്ച, വെളുവെളുത്തൊഴിഞ്ഞ
ചന്ദ്രകളങ്ക നീലമഷിക്കുപ്പിയിൽ
അവതാരം കാത്ത് നിന്നെ അയച്ചടച്ചു.
ഉദയാസ്തമയങ്ങൾക്കിടയിൽ
രേണുപരാഗ വ്യാധി പരത്താൻ
വെറുത്ത പഴുതാരപ്പുഴുവായരിച്ച്
കറുത്ത മുളച്ചിറക് നിഷ്പന്നമടിച്ച്
തിരിഞ്ഞു കടാക്ഷിച്ചു ചിരിക്കാതെ
പിൻതൊടിയിൽ പറന്നുപോയി –
ഒറ്റക്കൊമ്പനെ കുഴിയിൽ തളയ്ക്കാൻ
തളവളപ്പിടിയാനയെ മദജലം പുരട്ടി
മയക്കുന്ന ആദ്യതന്ത്രം പയറ്റാൻ.

മുണ്ഡന ബുദ്ധൻ പേരാൽച്ചുവട്ടിൽ
നിതാന്ത സമാധിയിൽ ചിരിക്കുന്നു.

കാഷായംബര കൂടുമാറും ശങ്കരൻ
പുനരപി പീഠത്തിൽ പഠിക്കുന്നു.
സർവ്വത്യാഗി നഗ്നജിനൻ സ്വർണ്ണനാണയം
ചുറ്റും വിതറിയെറിഞ്ഞ് ദിശ തേടുന്നു.
ഹൃദയാഗ്നി മരണക്കിണറിൽ കൊളുത്തി
*സൊറൊ-ആസർ* കഴുകനെ കാക്കുന്നു.
അബ്രാമിന്റെ പൂർവ്വ പിതാമഹിമയിൽ
യൂദയഹോവ കല്പനാഫലകം കൊത്തുന്നു.
നിറപാത്ര ബിരിയാണിയ്ക്കായ് ചമ്രംപടിഞ്ഞ്
വട്ടത്തിലിരുത്താൻ മമ്മത് വട്ടം കൂട്ടുന്നു.
സർവ്വമതസ്തോത്ര അരോഗപ്പൂജയ്ക്കായ്
അന്തിക്രിസ്തുവും അൾത്താരയൊരുക്കുന്നു.

ജനനനക്ഷത്രവും
മരണമുഹൂർത്തവും
തലച്ചോറുകേശം പൊഴിച്ച
പ്രായക്കൃശഗാത്ര മേനിയിൽ
ജാതകച്ചുരുളറിയാതെ തെളിഞ്ഞ
മായാത്തന്ത്യവിധിക്കു കാതോർക്കുന്നു നാം.
**************************************************************************